**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **28-06-2022 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത നെയ്ത്തുതൊഴിലാളികൾക്കായി ക്ഷേമനടപടികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ യൂണിഫോമിനായി നെയ്ത്തുകാർക്ക് യാൺ ബാങ്ക് വഴി സൗജന്യമായി യാൺ നൽകുന്നതുപോലെ പരമ്പരാഗത തൊഴിൽ ചെയ്തുവരുന്ന നെയ്ത്തുതൊഴിലാളികൾക്കും സൗജന്യ നിരക്കിൽ യാൺ നൽകുവാൻ തയ്യാറാകുമോ; | (എ) | നെയ്ത്തുകാർക്ക് ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ കഴിനൂലിന് സംസ്ഥാന സർക്കാർ ഹാങ്ക് യാൺ സബ്സിഡി കൈത്തറി സംഘങ്ങൾ വഴി നിലവിൽ അനുവദിച്ചുവരുന്നുണ്ട്. |
| (ബി) | പാവപ്പെട്ട നെയ്ത്തുകാർക്ക് നൽകാനുള്ള യാൺ സബ്സിഡി എത്ര മാസം കുടിശ്ശികയാണെന്നും കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കുമോ; ഇത് എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകൾ എന്നിവയിൽ നിന്നും യാൺ ബാങ്കുകൾ യാൺ വാങ്ങി സബ്സിഡി നിരക്കിൽ കൈത്തറി സംഘങ്ങൾക്ക് നൽകുകയും, സബ്സിഡി നിരക്കിൽ ലഭിക്കുന്ന യാൺ സംഘങ്ങൾ നെയ്ത്തുകാർക്ക് നൽകുകയും ചെയ്യുന്നു. കൈത്തറി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ യാൺ നൽകുന്നതു വഴി യാൺ ബാങ്കുകൾക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനാണ് യാൺ സബ്സിഡി യാൺ ബാങ്കുകൾക്ക് അനുവദിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ യാൺ സബ്സിഡിയ്ക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ 9,50,101/- രൂപയുള്ള യാൺ സബ്സിഡി അപേക്ഷ വിവിധ യാൺ ബാങ്കുകളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. |
| (സി) | നൂലിന്റെ വില ക്രമാതീതമായി വർധിക്കുകയും ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 6200ഓളം നെയ്ത്തുകാർക്ക് നെയ്ത്തിന് ആവശ്യമായ നൂൽ സൗജന്യമായി നൽകുന്നതോടൊപ്പം നെയ്ത്തുകാർക്ക് സ്ഥിരം വരുമാനവും ജോലി സ്ഥിരതയും ഉറപ്പ് വരുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. നൂലിന്റെ വില വർദ്ധിച്ചത് വഴി നെയ്ത്തുകാർക്ക് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനായി സബ്സിഡി നിരക്കിൽ നെയ്ത്തുകാർക്ക് കഴിനൂൽ ലഭ്യമാക്കുന്നു. അതിനായി ഹാങ്ക് യാൺ സബ്സിഡി യാൺ ബാങ്കുകൾക്ക് അനുവദിക്കുന്നുണ്ട്. കൂടാതെ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂലും മറ്റ് അസംസ്കൃത |

| | | | |
|---|---|---|---|
| | | | വസ്തുക്കളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി യാണ് ബാങ്കുകൾക്ക് മാർജിൻമണി ലോണും അനുവദിച്ച് വരുന്നുണ്ട്. |
| (ഡി) | നെയ്ത്ത് സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ക്യാഷ് ക്രെഡിറ്റ് പുനരാരംഭിക്കാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കായി ക്യാഷ് ക്രെഡിറ്റ് സംവിധാനം നിലവിലില്ല. എന്നാൽ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കായുള്ള വർക്കിംഗ് ക്യാപിറ്റൽ പദ്ധതി പ്രൊപ്പോസൽ 14-ാം പഞ്ചവത്സര പദ്ധതിയ്ക്കുള്ള പ്രൊപ്പോസലിൽ പരിഗണിക്കുന്നതിനായി കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ